# മുൻഗാമികളുടെ പാത പിൻഗാമികളുടെയും

നബി തിരുമേനി(സ്വ)യിൽ നിന്ന് നേരിട്ട് ദീൻ പഠിച്ച അനുയായികൾക്കിടയിൽ തന്നെ മതവൈജ്ഞാനിക രംഗത്ത് ചില അന്തരങ്ങൾ നിലനിന്നിരുന്നു. ഓരോ വിഷയത്തിലും നബി (സ്വ)യിൽ നിന്ന് അവരിൽ ഓരോരുത്തർക്കുമുണ്ടായ അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ് ഈ അന്തരങ്ങൾ സംഭവിച്ചത്. ഒരു പ്രത്യേക വിഷയത്തിൽ നബി(സ്വ)യുടെ നടപടി എന്തായിരുന്നു എന്ന് അറിയാതെ പോയതിന്റെ ഫലമായി ഉത്തമ സമീപനത്തിന് വിരുദ്ധമായ ചില ധാരണകൾ അവർ വെച്ചുപലർത്തിയിരുന്നു എന്നും എന്നാൽ ശരിയായ തെളിവ് ലഭ്യമായ മുറക്ക് ആ പിഴവുകൾ തിരുത്തി ഏറ്റവും ഉത്തമമായ രീതി അവർ പിൻതുടർന്നു എന്നും ബോധ്യപ്പെടുന്ന ഒട്ടേറെ സംഭവങ്ങൾ ചരിത്രത്തിൽ നമുക്ക് വായിക്കാനാകും.

ഭർത്താവിന്റെ 'ദിയ'ത്തിൽ ഭാര്യക്കുള്ള അവകാശത്തെപ്പറ്റി രണ്ടാം ഖലീഫ ഉമറിന്(റ) ഇങ്ങനെയൊരു ധാരണാപിശക് സംഭവിച്ചിരുന്നു. (നിരപരാധിയായ നിലയിൽ കൊല്ലപ്പെട്ടവർക്കോ അക്രമിക്കപ്പെട്ടവർക്കോ വേണ്ടി അവർക്കോ അവരുടെ ഉത്തരവാദപ്പെട്ട അവകാശിമാർക്കോ, കൊലയാളിയോ അക്രമികാരിയോ നൽകുന്ന നഷ്ടപരിഹാരത്തിനാണ് സാങ്കേതികമായി 'ദിയ' എന്ന് പറയുന്നത്.) ഈ സംഖ്യയിൽ ഭാര്യമാർക്ക് അനന്തരവാകശമില്ലെന്നും പിതാവ് വഴിയുള്ള കുടുംബചേർച്ചയിലുള്ളവർക്കേ അതിന്ന് അവകാശമുള്ളൂ എന്നുമായിരുന്നു ഉമർ(റ) ധരിച്ചിരുന്നത്. ളഹാക്ബ്നു സ്വുഫിയാനുൽ കിലാബിയെന്ന സ്വഹാബി ഇതു സംബന്ധമായ ശരിയായ പ്രവാചക നടപടി എഴുതിയറിയിച്ച ശേഷമാണ് ഉമർ(റ) തന്റെ ധാരണ തിരുത്തിയത്. അശ്യമുള്ളബാബിയുടെ ഭാര്യക്ക് തന്റെ ഭർത്താവിന്റെ ദിയത്തിൽനിന്ന് നബി(സ്വ) അനന്തരം നൽകിയിട്ടുണ്ട് എന്നതായിരുന്നു ആ സന്ദേശം. ഇത് മനസ്സിലാക്കിയ ഉമർ(റ)ന്റെ പ്രതികരണം ഇപ്രകാരമായിരുന്നു. 'ഇത് നാം കേട്ടിട്ടില്ലായിരുന്നുവെങ്കിൽ ഇതിനെതിരെ നാം വിധിക്കുമായിരുന്നു'.

അദ്ദേഹത്തിന് സംഭവിച്ച വേറെയൊരു ധാരണപ്പിശക് കൂടി കാണാം. ഹജ്ജ് കർമ്മത്തിന് ഇഹ്റാമിൽ പ്രവേശിക്കുന്നതിന് മുമ്പും ജംറകളിൽ കല്ലെറിഞ്ഞ് മക്കയിലേക്ക് ത്വവാഫുൽ ഇഫാളക്കായി പോകുന്നതിന് മുമ്പും സുഗന്ധദ്രവ്യങ്ങൾ ഉപയോഗിക്കുന്നത് ഉമർ(റ)വും തന്റെ മകൻ അബ്ദുല്ലാഹിബ്നു ഉമറും(റ) അതേപോലെ ഉന്നതരായ മറ്റ് ചില സ്വഹാബിമാരും വിരോധിച്ചിരുന്നു. എന്നാൽ ആയിശ(റ)ൽ നിന്നു ഇത് അനുവദനീയമാണെന്ന നിലയിൽ സ്വഹീഹായി ഉദ്ധരിക്കപ്പെട്ട ഹദീഥ് അവർക്ക് കിട്ടിയപ്പോൾ അവർ തങ്ങളുടെ ധാരണ തിരുത്തുകയായിരുന്നു. ആയിശാ(റ) പറഞ്ഞതായി ബുഖാരി റിപ്പോർട്ട് ചെയ്യുന്നു. 'ഇഹ്റാമിന്നു വേണ്ടി, ഇഹ്റാം ചെയ്യുന്നതിന് മുമ്പായും ഇഹ്റാമിൽ നിന്നുള്ള മോചനത്തിന് വേണ്ടി, അവസാന ത്വവാഫിന്ന് (ത്വവാഫുൽ ഇഫാള) മുമ്പായും ഞാൻ നബി(സ്വ)ക്ക് സുഗന്ധം പുരട്ടി കൊടുക്കാറുണ്ടായിരുന്നു' (ബുഖാരി)

അതേപോലെ തന്നെ ജിസ്യയുടെ കാര്യത്തിൽ അഗ്നിയാരാധകന്മാരോട് അനുവർത്തിക്കേണ്ട നിലപാട് എന്താണെന്ന് രണ്ടാം ഖലീഫക്ക് നിശ്ചയമുണ്ടായിരുന്നില്ല. (മുസ്ലിം ഭരണവ്യവസ്ഥക്ക് കീഴിൽ ജീവിക്കുന്ന അമുസ്ലിംകൾ നൽകേണ്ട നികുതിയാണ് ജിസ്യ). ഇതു സംബന്ധമായ പ്രവാചക നിർദ്ദേശം പ്രമുഖ സ്വഹാബിയായ അബ്ദുറഹിമാനുബ്നു ഔഫാണ് അദ്ദേഹത്തിന് പറഞ്ഞുകൊടുത്തത്. നബി(സ്വ) പറഞ്ഞതായി അദ്ദേഹം ഉദ്ധരിക്കുന്നു. 'അവരുടെ (അഗ്നിയാരാധകർ) കാര്യത്തിൽ വേദക്കാരോടുള്ള (യഹൂദ ക്രൈസ്തവർ) അതേ നടപടി സ്വീകരിച്ചുകൊള്ളുക' (ബുഖാരി)

ഒരിക്കൽ രണ്ടാം ഖലീഫ ഉമറുബ്നുൽ ഖത്താബ്(റ) ഒരു യാത്രയിൽ തബൂക്ക് താഴ്‌വരയിലെ 'സർഗ' എന്ന ഗ്രാമത്തിലെത്തിയപ്പോഴാണ് ശാം പ്രദേശത്ത് പ്ലേഗ് പടർന്ന് പിടിച്ചതായി അറിയുന്നത്. ഉടനെ തന്റെ കൂടെയുണ്ടായിരുന്ന പ്രമുഖരായ മുഹാജിറുകളോടും അൻസ്വാറുകളോടും ഇനിയെന്ത് ചെയ്യുമെന്നതിനെക്കുറിച്ച് കൂടിയാലോചിച്ചു. ഓരോരുത്തരും അവരവർക്ക് യുക്തമായി തോന്നിയ അഭിപ്രായങ്ങൾ പറഞ്ഞു എന്നല്ലാതെ ഇക്കാര്യവുമായി ബന്ധപ്പെടുത്തികൊണ്ടുള്ള പ്രവാചക നിർദ്ദേശങ്ങൾ ആരും പറയുകയുണ്ടായില്ല. അങ്ങിനെ അബ്ദുറഹിമാനുബ്നു ഔഫ് കടന്നുവന്നുകൊണ്ട് ഇക്കാര്യത്തിൽ നബി(സ്വ)യുടെ നടപടി വിശദീകരിച്ചു. 'നിങ്ങൾ ജീവിക്കുന്ന പ്രദേശത്താണ് പ്ലേഗുള്ളതെങ്കിൽ നിങ്ങൾ അവിടെനിന്ന് ഓടിപ്പോവുകയോ മറ്റൊരു പ്രദേശത്ത് അതുള്ളതായി അറിഞ്ഞാൽ നിങ്ങൾ അവിടേക്ക് പോവുകയോ അരുത്.' (ബുഖാരി)

ഇപ്രകാരമുള്ള ചരിത്രസംഭവങ്ങളുടെ നേരറിവിൽനിന്ന് താഴെ പറയുന്ന വസ്തുതകൾ ബോധ്യപ്പെടുന്നു:

1) നബി(സ്വ)യുടെ നടപടികളെക്കുറിച്ചുള്ള സാക്ഷ്യങ്ങളിലും അറിവിലും സ്വഹാബത്ത് തുല്യനിലവാരത്തിലായിരുന്നില്ല.

2) ഒരു പ്രത്യേക വിഷയവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള നബി(സ്വ)യുടെ ചര്യ സ്വഹാബത്തിന്ന് എല്ലാം ഒരേപോലെ ലഭ്യമായിരുന്നില്ല.

3) ഓരോ വിഷയത്തിലുമുള്ള നബിചര്യ ലഭ്യമാകാത്ത സാഹചര്യങ്ങളിൽ ലഭ്യമായ മറ്റ് തെളിവുകളുടെ അടിസ്ഥാനത്തിലാണ് അവർ സമീപനങ്ങൾ രൂപപ്പെടുത്തിയത്.

4) അപ്രകാരം അവരെത്തിപ്പെട്ട നിഗമനങ്ങളുടെ അഭിപ്രായങ്ങളും ചിലപ്പോഴൊക്കെ ശരിയായ നബിചര്യക്ക് വിരുദ്ധമായിപ്പോയിട്ടുമുണ്ടായിരുന്നു.

5) മതവുമായി നേരിട്ട് ബന്ധമുള്ള വിഷയങ്ങളിലും അല്ലാത്ത വിഷയങ്ങളിൽ പോലും സന്നിഗ്ദ്ധ ഘട്ടങ്ങളിലെല്ലാം അക്കാര്യത്തിലുള്ള പ്രവാചക നടപടി എപ്രകാരമായിരുന്നു എന്ന അന്വേഷണം അവരുടെ രീതിയായിരുന്നു.

6) ഒരു കാര്യത്തിലുള്ള നബിചര്യ ഇന്ന പ്രകാരമാണെന്ന് ബോധ്യപ്പെടുന്നതോടെ സ്വന്തം അഭിപ്രായം വെടിഞ്ഞ് സ്ഥിരപ്പെട്ട സുന്നത്തിനനുസരിച്ച് നിലകൊള്ളുകയായിരുന്നു അവരുടെ നടപടി.

7) അപ്രകാരം തെളിവ് നൽകുന്നവരുടെ സ്ഥാനമോ വലിപ്പ ചെറുപ്പമോ അവർ പരിഗണിച്ചിരുന്നില്ല.

8) എല്ലാ കാര്യങ്ങളും അറിയുന്നവരെന്ന നാട്യമില്ലാതെ നബിചര്യ സ്വീകരിക്കുന്നതിൽ ഏറെ വിനയം പുലർത്തിയിരുന്നവരായിരുന്നു സ്വഹാബിമാർ.

നബി(സ്വ)യുടെ വഫാത്തിന് ശേഷം മുസ്‌ലിം ഉമ്മത്തിന്റെ ചുമതലക്കാരായി വന്ന ഖലീഫമാരടക്കമുള്ള നേതാക്കന്മാർ അവരുടെ മുമ്പിൽ വരുന്ന ഓരോ പ്രശ്നങ്ങൾക്കും മതകീയമായ തീർപ്പ് കൽപിക്കുന്നതിന്ന് നബിചര്യയിൽനിന്നുള്ള തെളിവുകൾ തേടിയിരുന്നത് നബി(സ്വ)യുടെ നടപടികൾക്കും വിധി തീർപ്പുകൾക്കും മതവിധികൾക്കുമെല്ലാം അനുഭവസാക്ഷികളായി ജീവിച്ചിരുന്ന സ്വഹാബത്തിന്റെ സാക്ഷ്യമൊഴികളായിരുന്നു. എന്നാൽ ആ അത്യുത്തമ തലമുറയുടെ കാലശേഷം നബിയിൽ നിന്ന് സ്വഹാബത്ത് കണ്ടതായോ കേട്ടതായോ വിവിധ പരമ്പരകളിലൂടെ ഉദ്ധരിക്കപ്പെട്ട നിവേദനങ്ങളെയാണ് മതപരമായ ഗവേഷണങ്ങളിൽ (ഇജ്തിഹാദ്) മുഴുകിയവർ ആശ്രയിച്ചത്. മദ്ഹബിന്റെ ഇമാമിങ്ങൾ തങ്ങളുടെ കാഴ്ചപ്പാടുകൾ രൂപീകരിക്കുന്നതിൽ ഈ രീതിയാണ് സ്വീകരിച്ചത്. എന്നാൽ ഈ രിവായത്തുകളെക്കുറിച്ചോ അതിലെ പരമ്പരയിലെ ആളുകളെക്കുറിച്ചോ ഉള്ള ശരിയായ പഠനങ്ങൾ അക്കാലത്ത് നടന്നിട്ടില്ലാത്തതുകൊണ്ട് അവർ കൊണ്ടുവന്നിട്ടുള്ള തെളിവുകളിൽ അസ്വീകാര്യങ്ങളായ ഹദീഥുകൾ കടന്നുകൂടാൻ ഇടവന്നിട്ടുണ്ട്. സ്വീകാര്യയോഗ്യമല്ലാത്ത

ഹദീഥുകളുടെ അടിസ്ഥാനത്തിൽ അവരെത്തിച്ചേർന്ന വീക്ഷണങ്ങൾ പലതും മദ്ഹബീ പക്ഷപാതിത്വത്തിന്റെ പേരിൽ ഒരു വഴക്കമായി സമുദായത്തിൽ സ്ഥിരപ്രതിഷ്ഠ നേടുകയാണുണ്ടായത്.

മദ്ഹബിന്റെ ഇമാമീങ്ങളുടേയും ശേഷമാണ് പ്രവാചകചര്യകളുടെ കുറ്റമറ്റ ക്രോഡീകരണം നടക്കുന്നത്. ഹദീഥുകളുടെ സ്വീകാര്യതയും അസ്വീകാര്യതയും സംബന്ധിച്ച കൃത്യമായ നിദാന നിയമങ്ങൾ ഉൾക്കൊള്ളുന്ന വലിയൊരു വിജ്ഞാനശാഖ തന്നെ ഉസ്വൂലുൽ ഹദീഥെന്ന പേരിൽ ജന്മംകൊണ്ടു. ഹദീഥ് സനദുകളെക്കുറിച്ച് ശരിയായ പരിശോധന സാധ്യമാകാതെ പൂർവ്വകാലങ്ങളിൽ മഹാപണ്ഡിതന്മാർ തെളിവായിക്കൊണ്ടുവന്ന പല ഹദീഥുകളും ഈ നിദാന നിയമങ്ങളുടെ വെളിച്ചത്തിലുള്ള പരിശോധനയിൽ അസ്വീകാര്യങ്ങളായവയാണെന്ന് പിന്നീടുള്ള മുഹദ്ദിഥുകൾക്ക് ബോധ്യമായിരുന്നു. പക്ഷേ തങ്ങൾക്ക് ലഭ്യമായ തെളിവുകളുടെ അടിസ്ഥാനത്തിൽ അവർ മദ്ഹബിന്റെ ഇമാമീങ്ങൾ എത്തിപ്പെട്ട സമീപനങ്ങൾക്ക് പുതിയ ന്യായങ്ങൾ തേടാനും അതിന്ന് പുതിയ വ്യാഖ്യാനങ്ങൾ ചമക്കാനുമല്ലാതെ ശരിയായ പ്രമാണങ്ങളുടേയും നിദാന നിയമങ്ങളുടെയും അടിസ്ഥാനത്തിൽ അവയെ പുന:പരിശോധിക്കാനുള്ള മര്യാദ അന്ധമയ മദ്ഹബ് പക്ഷപാദിത്വം വഴി പിൽക്കാല സമൂഹത്തിന് ഇല്ലാതെ പോയി എന്നതാണ് ദു:ഖസത്യം. സൂക്ഷ്മ ശാലികളായ ഇമാമീങ്ങൾ തങ്ങളുടെ വീക്ഷണങ്ങൾക്ക് നൽകിയ വിനയപൂർണ്ണമായ അനുബന്ധമാണ് ഇവിടെ തീർത്തും വിസ്മരിക്കപ്പെടുന്നത്. ‘ഈ വിഷയത്തിൽ എന്റെ അഭിപ്രായം ഇതാണ്. എന്നാൽ ഇതേ വിഷയത്തിൽ സ്വഹീഹായ ഹദീഥ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ അത് തന്നെയാണ് എന്റെയും അഭിപ്രായം’. മുജ്തഹിദുകളായ ഇമാമീങ്ങൾ തങ്ങളുടെ അഭിപ്രായങ്ങൾക്ക് സാധാരണയായി നൽകിവരുന്ന ഒരനുബന്ധമാണിത്. പ്രമാണങ്ങളോടുള്ള പ്രതിബദ്ധതയാണ് ഇതിലൂടെ അവർ പ്രഖ്യാപിക്കുന്നത്.

പ്രമാണങ്ങളുടെ വെളിച്ചത്തിൽ ഒരു പ്രശ്നത്തിന്റെ മതവിധി കണ്ടെത്താനുള്ള പരിശ്രമത്തെയാണ് ‘ഇജ്തിഹാദ്’ എന്ന് പറയുന്നത്. തെളിവുകളുടെ ലഭ്യതക്ക് വിധേയമായി ഇവിടെ ശരിയെന്നപോലെ അബദ്ധം സംഭവിക്കാനും വഴിയുണ്ട്. ഏറ്റവും ശരിയായ തെളിവുകളുടെ സ്വീകാര്യതയിലുള്ള സംശയങ്ങളോ വീക്ഷണ വ്യത്യാസങ്ങളോ സംഭവിക്കുന്നതിനാലാണ് ഇസ്ലാമികമായ അനുഷ്ഠാനകാര്യങ്ങളിലും മറ്റും വ്യത്യസ്ത രീതികളും വൈവിധ്യങ്ങളും ചിലപ്പോഴൊക്കെ വൈരുദ്ധ്യങ്ങളും ജന്മം കൊള്ളുന്നതിനിടയാക്കിയത്. ഒരർത്ഥത്തിൽ സ്വഹാബത്തിന്റെ കാലംമുതൽ തന്നെ നിലനിന്നു പോന്നിട്ടുള്ളതാണിത്. പ്രവാചക ചര്യയെന്ന പ്രമാണത്തോട് പ്രതിബദ്ധത പുലർത്തിക്കൊണ്ട് വിശ്വാസികളുടെ ഉത്തമപാതയിൽ നിലകൊണ്ടവരായതിനാൽ പിഴവ് സംഭവിച്ചാൽപോലും അവർ പ്രതിഫലാർഹരാണെന്നാണ് പ്രവാചകാധ്യാപനം. അംറ് ബ്നുൽ ആസ്വി(റ)യിൽ നിന്ന് ഉദ്ധരിക്കപ്പെടുന്ന ഒരു ഹദീഥിൽ ഇപ്രകാരം കാണാം. ‘ഒരു വിധികർത്താവ് ഇജ്തിഹാദ് ചെയ്ത് ശരിയായാൽ അയാൾക്ക് രണ്ട് പ്രതിഫലവും തെറ്റ് പറ്റിയാൽ ഒരു പ്രതിഫലവുമുണ്ട്’. അതിനാൽ തന്നെ പിഴവ് പറ്റിയ മുൻഗാമികളൊന്നും അപരാധികളല്ല. അവരുടെ പാത പിൻപറ്റേണ്ട പിൻഗാമികൾ വ്യക്തമായതും ഉറപ്പുള്ളതുമായ തെളിവുകൾ വന്നുകിട്ടിയിട്ടും അത് മാനിക്കാതെ പൂർവ്വികരുടെ തെറ്റിനെ അന്ധമായി പിൻപറ്റുന്നതാണപരാധം.

**ബശീർ എസ്. പൂളപ്പൊയിൽ**